| 15-07-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ, ബാബക്ക് തന്റെ അവസ്ഥയുടെ വാർത്തകൾ തുറന്ന മനസ്സോടെ നൽകൂ. തുറന്നതും സത്യവുമായ മനസ്സിലേ ബാബയുടെ ഓർമ്മ നിലനിൽക്കൂ.**

**ചോദ്യം** – ഈ സമയം ചെറിയവരുടേയും വലിയവരുടേയും എല്ലാവരുടേയും വാനപ്രസ്ഥാവസ്ഥ ആയിട്ടും നിങ്ങൾ ഏതൊരു വാക്ക് വായിലൂടെ പറയാൻ കഴിയില്ല?
**ഉത്തരം** – ബാബാ, ഇപ്പോൾ വേഗമാകട്ടെ, ഇപ്പോൾ ഞങ്ങൾക്ക് വീട്ടിലേക്ക് പോകണം, ഇവിടെ വളരെയധികം ദുഖമാണ്. ബാബ പറയുന്നു – നിങ്ങൾ കുട്ടികൾ ഇങ്ങനെയുള്ള വാക്കുകൾ ഒരിക്കലും പറയാൻ പാടില്ല. കാരണം ഇപ്പോൾ നിങ്ങൾ ഈശ്വരന്റെ സന്മുഖത്ത് ഇരിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് ശീതളമായ മടിത്തട്ട് കിട്ടി. ഈ സമയം നിങ്ങൾ ഉയർന്നതിലും ഉയർന്നതായി മാറിയില്ലേ. സത്യയുഗത്തിൽ ഡിഗ്രി കുറവാകും. അവിടെ ദേവീകസന്താനമായി മാറും, ഈശ്വരന്റേതാകില്ല അതുകൊണ്ട് നിങ്ങൾക്ക് തിരക്കിട്ട് പോകാനാവില്ല.

**ഗീതം** – അങ്ങയുടെ വിളിക്കായിത്തന്നെ കൊതിക്കുന്നു...

**ഓം ശാന്തി** – മധുര – മധുരമായി വിളിക്കുന്ന കുട്ടികൾക്ക് ഇപ്പോൾ പോകണം. ഭക്തരാണ് ഭഗവാനെ വിളിക്കുന്നത്. ഇപ്പോൾ നിങ്ങൾ ഭക്തരല്ലല്ലോ. നിങ്ങൾ മക്കളാണ്. മക്കൾ ഓർമ്മിക്കുന്നു, എഴുതുകയും ചെയ്യുന്നു ബാബാ, ഞങ്ങൾ സന്മുഖത്ത് കേൾക്കാൻ ആഗ്രഹിക്കുന്നു. ഇൻവിറ്റേഷൻ കൊടുത്തുകൊണ്ടേയിരിക്കുന്നു. ഹെ, ബാബാ താങ്കളുടെ സന്മുഖത്ത് ഇരുന്നു കേൾക്കണം. ഇപ്പോൾ ബ്രഹ്മാമുഖത്തിലൂടെയല്ലാതെ നേരിട്ട് കേൾക്കാൻ ബുദ്ധിമുട്ടാണ്. കുട്ടികൾ പറയുന്നു – ബാബ കഴിഞ്ഞ കൽപവും വന്നപോലെ വന്നിരിക്കുന്നു. ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണകുലഭൂഷണർ എന്ന പേര് എത്ര നല്ലതായി വച്ചിരിക്കുന്നു. ബ്രഹ്മാകുമാർ – കുമാരികൾ വളരെയധികമുണ്ട്. അവർക്ക് ജ്ഞാനം കിട്ടിയിരിക്കുന്നു. പരംപിതാ പരമാത്മാവ് ജ്ഞാനത്തിന്റെ സാഗരനാണ്. പരമാത്മാവിനെത്തന്നെയാണ് സുഖത്തിന്റെ സാഗരൻ എന്നും പറയുന്നത്. പാടപ്പെടുന്നു, ദുഖഹർത്താ-സുഖകർത്താ. അത് ശിവബാബ തന്നെയാണ്. പേര് എത്ര ഭിന്ന ഭിന്നമായാണ് കൊടുത്തിരിക്കുന്നത്. വളരെയധികം മഹിമ പാടുന്നു. പാടുന്നു – ഹര ഹര, അർത്ഥം ദുഖത്തെ ഇല്ലാതാക്കൂ. ഭഗവാനെക്കുറിച്ച് തന്നെയാണ് പാടുന്നത്. എന്നാൽ ഭഗവാനെക്കുറിച്ച് അറിയാത്ത കാരണം ബ്രഹ്മാ, വിഷ്ണു, ശങ്കരനെക്കുറിച്ച് പറയുന്നു. ദേവ – ദേവ മഹാദേവ. ശിവനെ മറന്ന് ശങ്കരനെക്കുറിച്ച് പറയുന്നു. ഹര ഹര മഹാദേവ.. ബ്രഹ്മാ, വിഷ്ണുവിനെ മഹാദേവ എന്ന് പറയില്ല. അവർ രണ്ടുപേരും സ്ഥൂലമായ പാർട്ടിൽ വരുന്നു. ശങ്കർ സൂക്ഷ്മവതനത്തിൽത്തന്നെ ഇരിക്കുന്നു. ദുഖത്തെ ഇല്ലാതാക്കുന്ന പതീതപാവനനായ ഭഗവാൻ നിരാകാരൻ ഒന്നേയുള്ളു. ശങ്കരനെ പതീതപാവനൻ എന്ന് പറയില്ല. മഹിമ എല്ലാം ഒന്നിന്റേതു തന്നെയാണ്. വിഷ്ണുവിന്റെ 2 രൂപം ലക്ഷ്മി – നാരായണൻ അഥവാ രാധാ – കൃഷ്ണൻ ഇവരുടെ ജന്മം വേറെ വേറെ സ്ഥലത്താണ് ഉണ്ടാകുന്നത്. വിഷ്ണു അവതരണമെന്നും പാടപ്പെടുന്നു. 4 കൈകൾ കാണിക്കുന്നു. എന്നാൽ ഇത് ആർക്കും അറിയില്ല ലക്ഷ്മീനാരായണൻ സ്വർഗ്ഗത്തിന്റെ രാജാവും റാണിയും ആയി മാറിയതും, അവർ രാധയും കൃഷ്ണനും ആണെന്നും. ഇത് നിങ്ങൾക്കേ അറിയൂ. ഇതും നിങ്ങൾക്കറിയാം – മായയുടെ വലിയ കൊടുങ്കാറ്റും സൂക്ഷ്മത്തിൽ വരുന്നു. മായ മറപ്പിക്കുന്നു. വലിയ കൊടുങ്കാറ്റും കൊണ്ടുവരുന്നു. ഏതൊരു കാര്യവും തുറന്ന മനസ്സോടെ ചോദിക്കൂ, എല്ലാ ചോദ്യത്തിനും ഉത്തരം കിട്ടും. കൊടുങ്കാറ്റും അനേക പ്രകാരത്തിൽ വരും. സ്വപ്നത്തിലും, മോശമായ വികൽപവും അനേക പ്രകാരത്തിൽ വരും. അതിനെ കൊടുങ്കാറ്റ് എന്നും പറയും. ഇപ്പോൾ ഈ ബ്രഹ്മാവ് പ്രസിദ്ധമാണ്. ബാബ പ്രവേശിച്ചപ്പോൾ വളരെയധികം പ്രസിദ്ധമായി. എങ്ങനെയാണോ മനുഷ്യരുടെ ദേശം അതേപോലെ വേഷവും ഉണ്ടാകുന്നു. മുഖം മുതലായവയുടെ നിറവും മാറി വരുന്നു. ഇപ്പോൾ നോക്കൂ ചിലർ മുടന്തുള്ളവർ, ചിലർക്ക് ചെവി കേൾക്കില്ല, ചിലർക്ക് കണ്ണു കാണില്ല. അവിടെ മുഴുവൻ സ്വാഭാവിക സൗന്ദര്യമാകും. കാരണം 5 തത്വവും സതോപ്രധാനമായിരിക്കും. അതുകൊണ്ട് ഈ ജ്ഞാനം സന്മുഖത്ത് കേൾക്കുന്നതിനുവേണ്ടി കുട്ടികൾ വിളിക്കുന്നു. ഗീതങ്ങളിലും കുറച്ചൊക്കെ ശരിയാണ്. എങ്ങനെയാണോ ദേവതാധർമ്മം ജീർണ്ണിച്ചത്, പിന്നെ അതിന്റെ ഓർമ്മചിഹ്നമായി അമ്പലങ്ങളുണ്ടല്ലോ. ഓർമ്മചിഹ്നം എല്ലാ ധർമ്മങ്ങൾക്കും ഉണ്ട്. ഈ കാര്യം നിങ്ങൾ കുട്ടികൾ മാത്രമാണ് മനസ്സിലാക്കുന്നത്. ഉയർന്നതിലും ഉയർന്നത് നിരാകാരനായ ഭഗവാനാണ്. അവരുടെ ഗീതം പാടപ്പെടുന്നതും ഈ സംഗമയുഗത്തിൽത്തന്നെ, എപ്പോഴാണോ ആത്മാവും പരമാത്മാവും കണ്ടുമുട്ടുന്നത്. ആത്മാക്കൾ ഒരുപാടുണ്ട്. ഉന്നതി ഉണ്ടായിക്കൊണ്ടിരിക്കും. ഇപ്പോൾ നിങ്ങൾ സന്മുഖത്ത് കേൾക്കുന്നു. അതുകൂടാതെ മറ്റുള്ളവർക്കും സന്മുഖത്ത് കേൾക്കണം എന്ന ആഗ്രഹവും

ഉണ്ടാകുന്നു. ഇവിടെ വരാനും കഴിയില്ല. ബന്ധനത്തിൽ ഉള്ളവരും ഉണ്ട്. മറ്റേത് സംഗത്തിലും പോകാൻ തടസ്സം നിൽക്കില്ല. ബോംബേയിലും ഗീത കേൾപ്പിക്കുന്നു. എല്ലാ ധർമ്മത്തിലുള്ളവർക്കും പോകാം. ഫീസില്ല. ഭിന്ന ഭിന്ന ഗുരുക്കന്മാരുടെ അടുത്ത് പോകുന്നു. എവിടെയാണ് സഹജമായ വഴി കിട്ടുക. മുക്തി ജീവന്മുക്തിയിലേക്കുള്ള വഴി ആർക്കും അറിയില്ല. അതുകൊണ്ട് തിരയുന്നു. ഇവിടെ ഏതെങ്കിലും ഗുരു – ഗോസായി ഇല്ല. വേഷം മുതലായവയിൽ വ്യത്യാസം ഇല്ല. ബ്രഹ്മാകുമാർ – ബ്രഹ്മാകുമാരിമാർ മാത്രം. മഹാത്മാവായി ആരുമില്ല. എങ്ങനെയാണോ നിങ്ങൾ, അതേപോലെയാണ് ഈ ദാദയും. വ്യത്യാസം ഒന്നും ഇല്ല. വേഷത്തിലും വ്യത്യാസമില്ല. ഷാൾ മുതലായവ ചിലപ്പോൾ ഇടുന്നു. എന്നാൽ ഡ്രാമയമുസരിച്ച് ഇതും ഒഫിഷ്യൽ ഡ്രസ്സ് ആണ്. ഡ്രെസ്സിനെയും നോക്കേണ്ട കാര്യമില്ല. ബുദ്ധി ശിവബാബയുടെ അടുത്ത് പോകുന്നു. എല്ലാവരും മനുഷ്യശരീരത്തെ കാണുന്നു. നിങ്ങൾ തന്റെ ശരീരത്തെത്തന്നെ മറക്കുന്നു പിന്നെ ഈ ദാദയുടെ ശരീരത്തേയും മറക്കുന്നു. ദേഹി അഭിമാനിയാകുന്നു. ഇവരുടെ ശരീരത്തേയും ഓർമ്മിക്കരുത്. ശിവബാബ ഇവരിലൂടെ പഠിപ്പിക്കുന്നു. ബാബ നോളേജ്ഫുൾ ത്രികാലദർശിയാണ്. ആദി, മദ്ധ്യ, അന്ത്യ രഹസ്യത്തെ ഇരുന്ന് കേൾപ്പിക്കുന്നു. വൃദ്ധകൾക്കും മറ്റും വളരെ സഹജമാണ്. മറ്റു സ്കൂളുകളിൽ വയസ്സായവർക്ക് ഒന്നും മനസ്സിലാകില്ല. ഇത് എല്ലാവർക്കും സഹജമാണ്. ബാബ ഇതുമാത്രം പറയുന്നു – എന്നെ മാത്രം ഓർമ്മിക്കൂ. മനുഷ്യർ മരിക്കുന്ന സമയം മന്ത്രം കൊടുക്കുന്നു. രാമ രാമ എന്ന് പറയൂ, ഇത് പറയൂ. മിക്കവാറും വാനപ്രസ്ഥാവസ്ഥക്ക് ശേഷമാണ് മന്ത്രം സ്വീകരിക്കുന്നത്. എന്നാൽ ഇപ്പോൾ ബാബ പറയുന്നു, മുഴുവൻ പഴയ ലോകത്തിന്റേയും വിനാശം ഉണ്ടാകണം. വയസ്സായവർ, യുവാക്കൾ, കുട്ടികൾ – എല്ലാവർക്കും വാനപ്രസ്ഥാവസ്ഥയാണ്. ഇങ്ങനെ വേറെ ആർക്കും പറയാൻ കഴിയില്ല. പറയും – എല്ലാവരും മരണം വന്നാൽ തയ്യാറാണോ. അതെ, മരണം എല്ലാവർക്കും ഉണ്ടാവുക തന്നെ വേണം. ചിലർ പറയുന്നു – ബാബാ, താങ്കൾ ഏതുവരെ ഉണ്ടാകും. ഞങ്ങൾ വേഗം പോകട്ടെ, ഇവിടെ വളരെ ദുഖമാണ്. മുന്നോട്ടുപോകുംതോറും ഇങ്ങനെ പറയും. ബാബ പറയുന്നു – ഇങ്ങനെ എന്തിന് പറയുന്നു. ഹേയ്, ഈ സമയം ഈശ്വരന്റെ സന്മുഖത്തല്ലേ. പോയിട്ടു ദൈവികസന്താനമാകും. ഡിഗ്രി കുറഞ്ഞുപോകരുത്. ഇപ്പോൾ ശീതള മടിത്തട്ട് നല്ലതാണ്. അവിടെ സ്വർഗ്ഗവും ശീതളമാകും. എന്നാൽ ഇവിടെ ചൂടായവരേയും ശീതളമാക്കി മാറ്റുന്നു അതിനാൽ നല്ലതാണ്. എന്നാൽ വേഗമാകട്ടെ എന്ന് പറയരുത്. ഇപ്പോൾ നമ്മൾ ഉയർന്നതിലും ഉയർന്നതാണ്. മുഴുവൻ സ്തുതിയും ഈ കാലത്തിലേതാണ്. ദിൽവാഡാക്ഷേത്രവും ഈ സമയത്തിന്റേതാണ്. മുഴുവൻ സൃഷ്ടിയിലെ ആത്മാക്കളുടെ ഹൃദയം കവരുന്നത് ബാബയാണ്. ദിൽവാഡാ അമ്പലം എല്ലാവരുടേതുമാണ്. ആത്മാവ് ശരീരത്തിലൂടെ വിളിക്കുന്നു. ബാബാ – വരൂ, വന്ന് ഞങ്ങളെ പാവനമാക്കൂ, ഞങ്ങൾ പഴയതായി മാറി. ആത്മാവും ശരീരവും പഴയതാണ്. ആത്മാവ് ബുദ്ധിയില്ലാതെ അന്ധരായി മാറി. മനുഷ്യരെ അന്ധരെന്ന് പറയുവാനാകുമോ. കണ്ണുകൾ ഉണ്ടല്ലോ. എന്നാൽ ബുദ്ധി അന്ധമായി. ആത്മാവിലുള്ള ബുദ്ധി ഓർമ്മിക്കുന്നതിന് പൂർണ്ണമായും മറന്നുപോയി. എന്നാൽ ഗോപികമാർ എവിടെ, എവിടെനിന്നൊക്കെയോ വിളിക്കുന്നു. ബന്ധനത്തിലിരിക്കുന്ന ഗോപികമാർ ചെറിയ ചെറിയ ഗ്രാമങ്ങളിൽനിന്ന് വിളിച്ചുകൊണ്ടിരിക്കുന്നു. ബാബ മനസ്സിലാക്കിക്കുന്നു, കുട്ടികളെ, സത്യയുഗം ഗൃഹസ്ഥാശ്രമമായിരുന്നു, പവിത്രമായിരുന്നു. ഇപ്പോൾ വിഷത്തിനുവേണ്ടി എത്രമാത്രം ബുദ്ധിമുട്ടിക്കുന്നു. ഇതു മനസ്സിലാക്കുന്നില്ല ഇവിടെ നിർവികാരിയാക്കി മാറ്റുന്നു. നിർവികാരിയായി മാറിയാൽ പിന്നെ എന്തായി മാറും. അതും അറിയില്ല. സന്യാസി പവിത്രമായി മാറാൻ കുടുംബത്തിൽനിന്നും ഓടുന്നു. എന്നാൽ അവർക്കും ഇതറിയില്ല, നമ്മൾ പവിത്രമായി മാറി പവിത്രലോകത്തു പോകും എന്ന കാര്യം. ഈ കാര്യങ്ങൾ അവർ അംഗീകരിക്കുന്നില്ല. ഈ സമയം എത്ര ദുഖമാണ് അതുകൊണ്ട് മനസ്സിലാക്കുന്നു, മുക്തി അഥവാ മോക്ഷം നല്ലതാണെന്ന്. ബാബ മനസ്സിലാക്കിക്കുന്നു – ഡ്രാമയിൽ മോക്ഷം ആർക്കും കിട്ടുന്നില്ല. ഇപ്പോൾ നിങ്ങൾക്കും അറിയാം. ബാബ പറയുന്നു – ഇത്രമാത്രം ഓർമ്മിക്കൂ 84 ജന്മം പൂർത്തിയായി. ഇപ്പോൾ ബാബ വന്നിരിക്കുന്നു, കൊണ്ടുപോകുന്നതിനുവേണ്ടി. ബാബയെ ഓർമ്മിക്കാതിരുന്നാൽ കൊടുങ്കാറ്റ് വരും. വിവേകവും പറയുന്നു, നിരന്തരം ഓർമ്മിക്കാനും കഷ്ടം തന്നെയാണ്. എന്നാലും ബാബ പറയുന്നു – നിങ്ങൾ കർമ്മയോഗികളാണ്. എന്നാൽ കാണുന്നത് കർമ്മം ചെയ്യുന്ന സമയം ഓർമ്മ മറന്നുപോകുന്നു. സദാ ഓർമ്മ വരാൻ വളരെ സമയമെടുക്കും. ഇതിൽ വളരെയധികം പുരുഷാർത്ഥം ചെയ്യണം. കോളേജിൽ പരിശ്രമിക്കുന്ന കുട്ടികൾക്ക് രാത്രിയും പകലും പഠിക്കുന്നതു ഹോബിയാണ്. ഗവർമെന്റിൽനിന്ന് സ്കോളർഷിപ്പ് കിട്ടുന്നതിനും പരിശ്രമിക്കുന്നു. വളരെയധികം തല പുണ്ണാക്കുന്നു. പിന്നെ വളരെയധികം സന്തോഷം തോന്നുന്നു. ഇവിടേയും ബാബ പറയുന്നു നിങ്ങൾ നല്ല രീതിയിൽ പഠിച്ച് സ്കോളർഷിപ്പ് എടുക്കണം. ആദ്യമാദ്യം ഹൃദയസിംഹാസനധാരിയായി മാറൂ. ഓട്ട പന്തയം നടത്തണം. നിങ്ങൾക്കറിയാം – ഇപ്പോൾ ബാബ സന്മുഖത്ത് ഇരിക്കുന്നു. നേരിട്ട് ഈ രഥത്തിലിരുന്ന് കുട്ടികളെ, കുട്ടികളെ എന്ന് വിളിക്കുന്നു. ബ്രഹ്മാവിന്റെ രഥം നിശ്ചിതമാണ്. ബാബ പറയുന്നു – ഞാൻ ആത്മാക്കളോട് സംസാരിക്കുന്നു. നിങ്ങൾ വിളിച്ചിരുന്നു – ബാബാ, വരൂ. ഇപ്പോൾ ഞാൻ വന്നിരിക്കുന്നു. നിങ്ങൾ ആത്മാക്കളും നിരാകാരമാണ്. ഞാനും

നിരാകാരനാണ്. നിങ്ങൾ ഭക്തിമാർഗ്ഗത്തിൽ ഭിന്ന ഭിന്ന പേരുകൾ, രൂപം, ദേശം, കാലം ധാരണ ചെയ്ത് ഓർമ്മിച്ചുവന്നു. ഇപ്പോൾ സന്മുഖത്ത് നിങ്ങളോട് സംസാരിക്കുന്നു. നിങ്ങൾക്ക് തന്റെ ശരീരത്തിന്റെ ആധാരം ഉണ്ട്. ബാബക്ക് ഇത് ലോൺ എടുക്കേണ്ടിവരുന്നു. ബാബ കുട്ടികളോട് പറയുന്നു – ഇപ്പോൾ ആ പഴയ ശരീരം വിടണം. നാടകം പൂർണ്ണമായി. ഇപ്പോൾ നിരന്തരം ബാബയെ ഓർമ്മിക്കാൻ പരിശ്രമിക്കണം. വേറെ എന്തെങ്കിലും ഓർമ്മകൾ വരുന്നു എങ്കിൽ ശിക്ഷകളും അനുഭവിക്കേണ്ടിവരുന്നു. എത്ര കഴിയുമോ അത്രയും മറ്റുള്ളവരുടെ ഓർമ്മ ഇല്ലാതാക്കൂ. തീർത്ഥയാത്രയിലാണെങ്കിൽ ബുദ്ധിയിലും ആ ഓർമ്മയാകും, ഞങ്ങൾ ശ്രീനാഥക്ഷേത്രത്തിലേക്ക് യാത്ര പോകുന്നു. നിങ്ങളുടേത് സത്യമായ ആത്മീയ യാത്രയാണ്. ആത്മാ പരമാത്മാവുമായി യോഗം വക്കുന്നു. ശരീരനിർവഹണാർത്ഥം കർമ്മം ചെയ്യുന്നതിനായി ഇവിടെ വന്നിരിക്കുന്നു. എവിടെയായാലും ഓർമ്മ വേണം. നിങ്ങൾക്കറിയാം ഭഗവാൻ സർവ്വവ്യാപിയല്ല, അച്ഛനാണ്. അച്ഛനിൽ നിന്നാണ് സമ്പത്ത് കിട്ടുന്നത്. സർവ്വവ്യാപി എന്നു പറയുന്നതിലൂടെ യാതൊരു അർത്ഥവുമില്ല. ബാബക്ക് സമ്പത്ത് കൊടുക്കണം. ബാബക്ക് ഈ ആഗ്രഹമില്ല എനിക്ക് സമ്പത്ത് കിട്ടണം. ആശയുണ്ട് – കുട്ടികൾക്ക് സമ്പത്ത് കൊടുക്കണം. ബാബയുടെ മനസ്സിലും ഉണ്ട് – എനിക്ക് സമ്പത്ത് കൊടുക്കണം. ഇത് അച്ഛന്റെയും കുട്ടികളുടേയും സംബന്ധമാണ്. കുട്ടികൾ സമ്പത്ത് എടുക്കണം. ബാബക്ക് കൊടുക്കണം. സത്യമായ ആത്മാവിൽ സാഹേബ് സംപ്രീതനാകുന്നു, അതിനാൽ എത്രമാത്രം സത്യമായി മാറണം. എന്നാൽ എല്ലാവരും മക്കളാണല്ലോ, സമ്പത്തു തരുന്ന ബാബയെ ഓർമ്മിക്കുകതന്നെ വേണം. പക്കായാവാത്ത കുട്ടികൾക്ക് ഓർമ്മ ഉണ്ടാവുകയില്ല. ശരീരനിർവ്വഹണാർത്ഥം മാത്രം കർമ്മം ചെയ്യൂ, പിന്നെ ബാക്കി സമയം ബാബയെ ഓർമ്മിക്കൂ. ഓർമ്മയുടെ യാത്രയുടെ രജിസ്റ്റർ നിങ്ങളുടെ ശരിയാണെങ്കിൽ സദാ സന്തോഷം ഉണ്ടാകും. മനുഷ്യന് ഏതു സ്വഭാവമുണ്ടോ ആ സ്വഭാവം വർദ്ധിച്ചുവരുന്നു. ബുദ്ധിയിലുണ്ടാവണം നമ്മുടെ 84 ജന്മം മുഴുവൻ കഴിഞ്ഞു. ഇപ്പോൾ നാടകം പൂർത്തിയായി. ഇപ്പോൾ നമ്മൾ പോകുന്നു തന്റെ വീട്ടിലേക്ക്. അതുകൊണ്ട് ബാബ പറയുന്നു – എന്നെ ഓർമ്മിക്കൂ. ഗീതയിലും 2 പ്രാവശ്യം മൻമനാഭവ എന്ന് എഴുതിയിട്ടുണ്ട്. കുറച്ചു കുറച്ചു കാര്യങ്ങൾ ആട്ടയിൽ ഉപ്പു പോലെ ഉണ്ട്.

അന്യധർമ്മങ്ങളുടെ ഒരു ചിത്രവും അവശേഷിക്കുന്നില്ല. നിങ്ങളുടെ ചിത്രമുണ്ട്. ബ്രഹ്മാവിന്റെ ചിത്രവും അജ്മീറിൽ ഉണ്ട്. ബ്രാഹ്മണരിലും പല വിധമുണ്ട്. ഭിന്ന ഭിന്ന പേരുകൾ വച്ചിരിക്കുന്നു. ഭാഷയും എത്രയാണ്. കുട്ടികൾക്കറിയാം നമ്മുടെ രാജധാനിയിൽ ഒരേയൊരു ഭാഷയേ ഉണ്ടാകൂ. അവിടത്തെ ഭാഷ തന്നെ വേറെയാണ്. സംസ്കൃതം മുതലായവ അല്ല. കുട്ടികൾ അവിടത്തെ ഭാഷ മുതലായവയൊക്കെ കേൾപ്പിക്കുന്നു. ഇപ്പോൾ കുട്ടികൾക്ക് സന്തോഷം ഉണ്ടാകണം. നമ്മൾ രാജധാനി സ്ഥാപന ചെയ്യുന്നു. പിന്നെ അവിടെ നമ്മുടെ ഭാഷ തന്നെ വ്യത്യസ്തമാണ്. ഇവിടത്തെ ഭാഷകൾ അവിടെ ഉണ്ടാകില്ല. ഡ്രാമയിലടങ്ങിയ പാർട്ട് അനുസരിച്ച് അവിടെ തന്റെ കൊട്ടാരം മുതലായവ ഉണ്ടാകും. ഈ പഴയ ലോകം ഇല്ലാതാവുകതന്നെ വേണം. നമുക്ക് പുതിയ ലോകം വേണം. അവിടെ വജ്രം രത്നങ്ങൾ കൊണ്ടുള്ള കൊട്ടാരങ്ങൾ ഉണ്ടാകും. ഇപ്പോൾ ആ തരം കൊട്ടാരങ്ങൾ ഇല്ല. ബുദ്ധി പറയുന്നു ഞങ്ങൾ വളരെ നല്ല ഫസ്റ്റ് ക്ളാസ്സ് കൊട്ടാരം ഉണ്ടാക്കും. ഈ ലോകം അഴുക്ക് പിടിച്ചതാണ്. ഇങ്ങനെ പരസ്പരം സംസാരിക്കണം. ബഹൻ ജീ, ഭായി ജീ, നമ്മൾ പോയി തന്റെ രാജധാനി സംരക്ഷിക്കും. നമ്മൾ അവിടെ അങ്ങനെയുള്ള വസ്ത്രങ്ങൾ ധരിക്കും. മുമ്പ് രത്നങ്ങളെല്ലാം അസ്സലായിട്ടുള്ളതായിരുന്നു എല്ലാവരും ധരിച്ചിരുന്നത്. ലക്ഷ്മീ നാരായണന്റെ അമ്പലങ്ങളിൽ എത്ര രത്നങ്ങൾ ഉണ്ടാകും. ശിവന്റെ അമ്പലം എങ്ങിനെയുണ്ടായിരിക്കും? ശിവലിംഗം പോലും വജ്രം കൊണ്ട് ഉണ്ടാക്കുന്നു. ഇതൊക്കെ മനസ്സിലാക്കേണ്ട കാര്യമാണ്.

ഭക്തിമാർഗ്ഗത്തിൽ ആദ്യം ഉണ്ടാക്കിയ നമ്മുടെ ശിവബാബയുടെ ക്ഷേത്രത്തെ മുസൽമാന്മാർ വന്ന് കൊള്ളയടിച്ചു. നിങ്ങൾക്കറിയാം ദ്വാപരയുഗം തുടക്കത്തിൽ ശിവബാബയുടെ അമ്പലം ഉണ്ടാക്കി. നിങ്ങളായിരുന്നു പൂജ്യർ, പിന്നെ പൂജാരിയായി മാറി. ആദ്യമാദ്യം സോമനാഥക്ഷേത്രം ഉണ്ടാക്കി. ജ്ഞാനത്തെ സോമരസം എന്ന് പറയുന്നു. നോളേജ് തരുന്നത് ബാബയാണ്. ഇതിലൂടെ നിങ്ങൾ ധനവാനായി മാറുന്നു. പിന്നെ ആ ധനം ഉപയോഗിച്ച് ബാബയുടെ അമ്പലം ഉണ്ടാക്കുന്നു. പൂജയും ഉണ്ടാകുമല്ലോ. വീടു വീടുകളിൽ അമ്പലം ഉണ്ടാക്കുന്നു. നിങ്ങൾക്കറിയാം എപ്പോൾ ഭക്തിമാർഗ്ഗം തുടങ്ങുന്നുവോ അപ്പോൾ നമ്മൾ പൂജാരിയായി മാറി മൂർത്തികൾ മുതലായവ ഉണ്ടാക്കുന്നു. നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ ഇപ്പോൾ ബാബയുടെ പ്രിയതമകളായി മാറി. പ്രിയതമൻ പരമാത്മാവാണ്. ബാബയിൽനിന്ന് സമ്പത്ത് എടുക്കുന്നു. അവർ വികാരത്തിനുവേണ്ടി പ്രിയതമനാകുന്നു. ഇതു പിന്നെ ആത്മാ പരമാത്മാ പ്രിയതമന്റെ പ്രിയതമകളായി മാറുന്നു. കാണുന്നുണ്ടല്ലോ– എല്ലാ ആത്മാക്കളും ബാബയെ ഓർമ്മിക്കുന്നു.

ആ ബാബയുടെ മഹിമ വളരെ ഉന്നതമാണ്. പ്രിയയതമകൾ പതീതമായി മാറി. അവരെ ഇനി പാവനമാക്കി മാറ്റണം. ആത്മാവാണ് പതീതം. ഇനി ആത്മാവു തന്നെ പാവനമായി മാറണം.ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1) സ്കോളർഷിപ്പ് ലഭിക്കുന്നതിനുവേണ്ടി നല്ലപോലെ പഠിക്കണം. ഹൃദയസിംഹാസനധാരിയായി മാറുന്നതിനുവേണ്ടി ഓട്ടപ്പന്തയം നടത്തണം. കർമ്മം ചെയ്തുകൊണ്ടും ഓർമ്മയിലിരിക്കണം.

2) നമ്മൾ ആത്മീയ യാത്രയിലാണ്. അതുകൊണ്ട് എല്ലാവരുടേയും ഓർമ്മ ബുദ്ധിയിൽനിന്ന് മാറ്റി ബാബയുടെ ഓർമ്മ നിരന്തരം വേണം. ഓർമ്മയുടെ രജിസ്റ്റർ ശരിയാക്കി വക്കണം.

**വരദാനം : നിരന്തര യോഗിയും പവിത്രവുമായി സർവ വികാരങ്ങൾക്കും വിട നൽകുന്ന ശക്തിസ്വരൂപ, പൂജ്യ സ്വരൂപമായി ഭവിക്കട്ടെ.**

ബാബയിലൂടെ എല്ലാ കുട്ടികൾക്കും മുഖ്യമായി രണ്ടു വരദാനം പ്രാപ്തമാകുന്നു ഒന്ന് സദാ യോഗി ഭ വ , രണ്ടാമത് പവിത്ര ഭവ. ആര് ഈ വരദാനം ജീവിതത്തിൽ സദാ അനുഭവം ചെയ്യുന്നു അവർ രണ്ടു നാലു മണിക്കൂറിന്റെ യോഗിയല്ല എന്നാൽ നിരന്തരമായ യോഗിയാണ്. പവിത്രവും ഇടയ്ക്കിടെയല്ല, സദാ പവിത്രം, സർവ വികാരങ്ങൾക്കും വിട നൽകുന്നവർ. ഇങ്ങനെയല്ല ഇടയ്ക്ക് ക്രോധം അഥവാ മോഹം വ ന്നു, യാതൊരു വികാരവും സ്മൃതി സ്വരൂപമാകുവാൻ അനുവദിക്കുകയില്ല. അപ്പോൾ ഇങ്ങനെയുള്ള യോഗി തന്നെയാണ് ശക്തിസ്വരൂപം, സദാ പവിത്രമായി കഴിയുന്ന പൂജ്യ സ്വരൂപം.

**സ്ലോഗൻ:- സദാ ജ്ഞാനസൂര്യന്റെ സൻമുഖത്ത് കഴിയൂ എങ്കിൽ ഭാഗ്യമാകുന്ന നിഴൽ താങ്കൾക്കൊപ്പമുണ്ട്.**